തെങ്ങ്, കവുങ്ങ് കയറ്റ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

219 (920) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങ്, കവുങ്ങ് കയറ്റതൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിച്ച് തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ക്ഷേമനിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; അപകടത്തിൽ പ്പെടുന്നവർക്കുള്ള ചികിത്സാ ധനസഹായവും മരണാനന്തര സഹായവും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) മരംകയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്കും മരംകയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്കും കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. 28-11-2014-ലെ സ.ഉ.(എംഎസ്.)150/2014/തൊഴിൽ, പ്രകാരം പ്രസ്തുത ധനസഹായം യഥാക്രമം 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) 50,000 രൂപ (അൻപതിനായിരം രൂപ മാത്രം) എന്നീ നിരക്കിൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിന് പുറമേ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്തവിധം പരിക്കുപറ്റുന്ന തൊഴിലാളിക്കും മരത്തിൽനിന്നും വീണ് മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെങ്ങ്, കവുങ്ങ് കയറ്റ തൊഴിലാളിക്ക് മറ്റ് ആനുകൂല്യങ്ങൾ നൽകുന്നത്, പ്രത്യേക ക്ഷേമനിധി രൂപീകരിക്കുന്നത് എന്നിവ സംബന്ധിച്ച വിഷയങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കൊരട്ടി ഇ.എസ്.ഐ. ആശുപത്രിയുടെ നിർമ്മാണം

220 (921) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ സ്ഥലത്ത് പുതിയ ആശുപത്രി സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ച് നിർമ്മാണോദ്ഘാടനം നടത്തി 2 വർഷം കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly